# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.4659 04.02.2014 ലെ മറുപടിയ്ക്ക്

## തിരുവല്ല റസ്റ്റ് ഹൗസ് വക സ്ഥലത്തെ അനധികൃത കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തിരുവല്ലയിലെ പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഏഴരസെന്റ് ഭൂമി ചിലർ അനധികൃതമായി കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതികളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ; കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ഉണ്ടായി. തിരുവല്ല അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശപ്രകാരം പോലീസ് സംരക്ഷണത്തിൽ തഹസീൽദാരുടെ സാന്നിദ്ധ്യത്തിൽ 17.12.2012, 21.12.2012, 27.12.2013 എന്നീ ദിവസങ്ങളിൽ കൈയേറ്റം ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. എങ്കിലും കോടതിയുടെ സ്റ്റേ ഉത്തരവ് പ്രകാരം നടപ്പാക്കാനായില്ല. |
| (സി) കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിനുള്ള നടപടി അന്നമ്മ തോമസ് എന്ന വ്യക്തിയുടെ ഹർജി പരിഗണിച്ച് മുഖ്യമന്ത്രി സ്റ്റേ ചെയ്യുകയുണ്ടായിട്ടുണ്ടോ; ഇത് നിയമാനുസൃതമായിരുന്നുവോ; | (സി) & (ഡി) സ്റ്റേ ചെയ്തിരുന്നു. എന്നാൽ കോടതി ഉത്തരവുകൾ ഒന്നും ഇപ്പോൾ നിലവിലില്ല എങ്കിൽ ശ്രീമതി അന്നമ്മ തോമസ് കൈവശം വച്ചിരിക്കുന്ന തിരുവല്ല പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് വക സ്ഥലം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പത്തനം തിട്ട ജില്ലാകളക്ടർ, കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർക്ക് 22.01.2014-ലെ സർക്കാർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. |
| (ഡി) കയ്യേറ്റ ഭൂമി എത്രയും പെട്ടെന്ന് ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ